# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.756** **03/12/2014-ൽ മറുപടിക്ക്**

## കാൻസർ രോഗ ബാധിതരും ചികിത്സാ സൗകര്യങ്ങളും

**ചോദ്യം** **മറുപടി**

ശ്രീ. രാജു എബ്രഹാം

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗ ചികിത്സയ്ക്കായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; ഏതൊക്കെ ആശുപത്രികളിലാണ് കാൻസർ രോഗ ചികിത്സയ്ക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) | കാൻസർ രോഗത്തിന് സർക്കാർ മേഖലയിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങളിൽ മാത്രമാണ് ചികിത്സ ലഭ്യമായിട്ടുള്ളത്. ഇതര ജില്ലകളിലെ കാൻസർ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ സാമ്പത്തികവും, ശാരീരികവും, മാനസികവുമായ ഏറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകുന്നതിന് എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി 2013 മുതൽ തുടക്കമിട്ടു. ഈ പദ്ധതി 12 ജില്ലകളിൽ പ്രാവർത്തികമാക്കുകയും അർബുദ രോഗികൾക്ക് അവരുടെ ജില്ലയിൽതന്നെ തുടർ ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു. ആരോഗ്യ വകുപ്പിൽ കാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സിയിൽ വച്ച് വിദഗ്ധ പരിശീലനം നൽകി ഈ യൂണിറ്റുകളിൽ വിന്യസിക്കുകയുണ്ടായി. നിലവിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി യൂണിറ്റ് ആരംഭിക്കുന്നതിനും കാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്.<br>ആശുപത്രികളുടെ ലിസ്റ്റുകൾ<br>1. താലൂക്ക് ആശുപത്രി, പുനലൂർ<br>2. ജനറൽ ആശുപത്രി, പത്തനംതിട്ട<br>3. ജില്ലാ ആശുപത്രി, കോട്ടയം<br>4. ജനറൽ ആശുപത്രി, ആലപ്പുഴ<br>5. ജനറൽ ആശുപത്രി, എറണാകുളം<br>6. ജില്ലാ ആശുപത്രി, തൃശ്ശൂർ |

| | | | |
|---|---|---|---|
| | | | 7. ജില്ലാ ആശുപത്രി, തിരൂർ<br>8. ജില്ലാ ആശുപത്രി, പാലക്കാട്<br>9. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, നല്ലൂർനാട്, വയനാട്<br>10. ജില്ലാ ആശുപത്രി, കണ്ണൂർ<br>11. ജനറൽ ആശുപത്രി, കാസർഗോഡ്<br>12. ജില്ലാ ആശുപത്രി, വടകര, കോഴിക്കോട് |
| (ബി) | സംസ്ഥാനത്ത് കാൻസർ രോഗ ബാധിതരാകുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വൻ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വർദ്ധനവിനാനുപാതികമായി ആധുനിക ചികിത്സാ സൗകര്യങ്ങൾ എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കാമോ ; | (ബി) | ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നതായിട്ടാണ് ആർ.സി.സി.യിൽ പുതുതായി രജിസ്ററർ ചെയ്യപ്പെടുന്ന രോഗികളുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. ആർ.സി.സി.യി ലും, മലബാർ കാൻസർ സെന്ററിലും ക്യാൻസർ ചികിൽസക്കായി നൂതന ചികിൽസാ സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽകോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ക്യാൻസർ ചികിൽസ ലഭ്യമാണ്. |
| (സി) | കൊച്ചിയിൽ കാൻസർ രോഗത്തിന് പ്രത്യേക ആശുപത്രി ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ; ഈ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇതിന്റെ പ്രവർത്തനമാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (സി) | കൊച്ചിയിലുള്ള സഹകരണ മെഡിക്കൽ കോളേജ് ക്യാംപസിൽ ഒരു സമഗ്ര ക്യാൻസർ ഇൻസ്ററിററ്യൂട്ട് സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ഇപ്പോൾ കാൻസർ രോഗബാധിതർക്ക് സർക്കാർ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ; | (ഡി) | ക്യാൻസർ രോഗ ബാധിതർക്ക് സർക്കാർ നലകി വരുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• സംസ്ഥാന സർക്കാർ നൽകുന്ന പെൻഷൻ ( പ്രതിമാസം 1000 രൂപ )<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം.<br>• സൊസൈററി ഫോർ മെഡിക്കൽ അസിസ്ററൻറ് ടു ദി പൂവർ (Society for Medical Assistance to the Poor)<br>• കേരളാ സോഷ്യൽ സെക്യൂരിററി മിഷൻെറ കാൻസർ സുരക്ഷാ പദ്ധതി<br>• ചിസ് പ്ളസ്<br>• കാരുണ്യ ബെനവൊളൻറ് ഫണ്ട്. |

| | | | |
|---|---|---|---|
| | | | • എൻഡോ സൾഫാൻ ബാധിതർക്കുള്ള സൗജന്യ ചികിൽസാ പദ്ധതി.<br>• പട്ടിക വർഗ്ഗക്കാർക്കുള്ള സൗജന്യ ചികിൽസാ പദ്ധതി<br>• പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം<br>• കേന്ദ്ര ആരോഗ്യ വകുപ്പു മന്ത്രിയുടെ രാഷ്ട്രീയ ആരോഗ്യനിധിയിൽ നിന്നുള്ള ധനസഹായം<br>• സുകൃതം പദ്ധതി |
| (ഇ) | കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് സംബന്ധിച്ച ശാസ്ത്രീയമായ പഠനം നടത്തുകയോ കാരണം കണ്ടെത്തുകയോ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ; | (ഇ) | ആർ.സി.സി.യിൽ എത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് കാണപ്പെട്ടതിനെ ത്തുടർന്ന് കേരളത്തിലെ ക്യാൻസർരോഗികളുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിനു വേണ്ടി തിരുവനന്തപുരം ആർ.സി.സി. "കേരള ക്യാൻസർ രജിസ്ട്രി" തുടങ്ങിയിട്ടുണ്ട്. |
| (എഫ്) | കാൻസർ രോഗികൾക്ക് മറ്റ് രാജ്യങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും, ആർ.സി.സി.യിലും ഏർപ്പെടുത്താൻ തയ്യാറാകുമോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (എഫ്) | ക്യാൻസർ രോഗ ചികിൽസക്കായി വിദേശ രാജ്യങ്ങളിൽ നിലവിലുള്ള ചികിൽസ സമ്പ്രദായങ്ങൾ ഇപ്പോൾ ആർ.സി.സി.യിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ